ഞീഴൂർ ഗ്രാമ പഞ്ചായത്ത്

19.09.2025 തീയതി നടന്ന അടിയന്തിരയോഗത്തിലെ

6 / 1 നമ്പർ തീരുമാനം.

അജണ്ട :

6 : 2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ സംബന്ധിച്ച് :-

വിവരണം :

2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 18/07/2025 മുതൽ നിലവിൽ വന്നിട്ടുള്ളതാണ്. ചട്ടം 3 പ്രകാരം കാറ്റഗറി രണ്ട് സംരഭങ്ങൾ സംബന്ധിച്ചുള്ള പരസല്യം പ്രസിദ്ധപ്പെടുത്തുന്നതിനും പട്ടിക 1, പട്ടിക 3 പ്രകാരം നിരക്കുകൾ നിശ്ചിയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് പരിഗണനയിലേക്കായി

ഫയൽ നമ്പർ :

JC1

തീരുമാന നമ്പർ : 6 /1 **തീയതി :** 19.09.2025

തീരുമാനം :

(ലൈസൻസ് തീരുമാനം)

ബഹു.കേരള സർക്കാരിന്റെ14.08.2025 തീയതിയിലെ സ. ഉ. (അച്ചടി) നം 46/2025/LSGD നമ്പർ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള 2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ യോഗത്തിൽ പരിഗണിച്ച് ചർച്ച ചെയ്തു.വിശദമായ ചർച്ചയും വിലയിരുത്തലും നടത്തി ചുവടെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

. മേൽചട്ടങ്ങളിലെ കാറ്റഗറി 1 –ൽ ഉൾപ്പെട്ട സംരംഭങ്ങൾക്ക് ചുവടെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള പെർമിഷൻ (അനുമതി) ഫീസ് യോഗം അംഗീകരിച്ചു.

ക്രമ നമ്പർ	വിഭാഗം	പെർമിഷൻ ഫീസ്
1	25 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	1000 രൂപ
2	25 ലക്ഷം മുതൽ ഒരു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	2000 രൂപ
3	ഒരുകോടി മുതൽ 5 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	10000 രൂപ
4	5 കോടി മുതൽ 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	20000 രൂപ
5	പത്തുകോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	30000 രൂപ

2. പഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന കാറ്റഗറി 1 ൽ ഉൾപ്പെട്ടിട്ടുള്ള സംരംഭങ്ങൾ നടത്തുന്നതിനുള്ള രജിസ്ട്രേഷൻ

ഫീസായി ചുവടെ പട്ടികയിൽ പറയുന്ന ഫീസ് അംഗീകരിച്ചു.

ക്രമ നമ്പർ	വിഭാഗം	വാർഷിക ലൈസൻസ് ഫീസ്
1	ഒരുലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	100 രൂപ
2	ഒരുലക്ഷം മുതൽ അഞ്ചു ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	200 രൂപ
3	അഞ്ചുലക്ഷം മുതൽ പതിനഞ്ചു ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	300 രൂപ
4	പതിനഞ്ചുലക്ഷം മുതൽ ഇരുപത്തിയഞ്ചു ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	500 രൂപ
5	ഇരുപത്തിയഞ്ചുലക്ഷം മുതൽ ഒരു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	1000 രൂപ
6	ഒരുകോടി മുതൽ അഞ്ചു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	5000 രൂപ
7	അഞ്ചുകോടി മുതൽ പത്തു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	10000 രൂപ
8	പത്തുകോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	15000 രൂപ

3. ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശികമായ പ്രത്യേകതകളും സാമ്പത്തിക അവസ്ഥയും വ്യാപാര സാധ്യതകളും പരിഗണിച്ച് പഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന കാറ്റഗറി 2 വിഭാഗത്തിലുൾപ്പെട്ട സംരംഭങ്ങൾക്ക് ചുവടെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള ഫീസ് നിശ്ചയിച്ച് തീരുമാനിച്ചു.

ക്രമ നമ്പർ	വിഭാഗം	വാർഷിക ലൈസൻസ് ഫീസ്
1	ഒരുലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	100 രൂപ
2	ഒരുലക്ഷം മുതൽ അഞ്ചു ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	200 രൂപ
3	അഞ്ചുലക്ഷം മുതൽ പതിനഞ്ചു ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	300 രൂപ
4	പതിനഞ്ചുലക്ഷം മുതൽ ഇരുപത്തിയഞ്ചു ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	500 രൂപ
5	ഇരുപത്തിയഞ്ചുലക്ഷം മുതൽ ഒരു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	1000 രൂപ
6	ഒരുകോടി മുതൽ അഞ്ചു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	5000 രൂപ
7	അഞ്ചുകോടി മുതൽ പത്തു കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	10000 രൂപ
8	പത്തുകോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ	15000 രൂപ

4. ഭേദഗതി വരുത്തിയ ലൈസൻസ് ചട്ടങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രാബല്യത്തിൽ വന്നതായുള്ള നോട്ടീസ് പൊതുജനങ്ങൾക്കായി തയ്യാറാക്കി ചട്ടം 3 ലെ വ്യവസ്ഥകൾ പ്രകാരം പൊതുജനങ്ങൾക്കുള്ള നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും വ്യാപാരി സമൂഹത്തിനിടയിലും പ്രസിദ്ധീകരിക്കുന്നതിനും ആയതിനു വേണ്ടി വരുന്ന ചെലവ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും യോഗം ഐകകണ്ഠേന തീരുമാനിച്ചു സെക്രട്ടറി ചുമതലപ്പെടുത്തി.

(ഒപ്പ്)

ശരിപകർപ്പ്

സെക്രട്ടറി

പ്രസിഡൻറ്